1403 _ 1417

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയ കെടുതികളിൽ വയനാട് ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 4621/2018/റവ. തിരുവനന്തപുരം, തീയതി, 05.11.2018.

================================================================================

5/1 7/11/18

പരാമർശം:- 1. സ.ഉ. (കൈ) നം. 24/2018/ഡിഎംഡി, തീയതി, 26.10.2018.
2. വയനാട് ജില്ലാ കളക്ടറുടെ 31.10.2018 തീയതിയിലെ DCWYD/31644/18-എം4 നമ്പർ കത്ത്.

## ഉത്തരവ്

സൂചന (1) പ്രകാരം പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വയനാട് ജില്ലയിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കു ധനസഹായം അനുവദിക്കണമെന്ന് സൂചന (2) പ്രകാരം വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലാ കളക്ടറുടെ ആവശ്യം സർക്കാർ അംഗീകരിച്ചു. വയനാട് ജില്ലയിൽ പ്രളയക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് താഴെ പറയുന്ന മാതൃകയിൽ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

| നാശനഷ്ടം (ശതമാനത്തിൽ) | വീടുകളുടെ എണ്ണം | തുക | |
|---|---|---|---|
| 100.00% | 576 | 298100 | 171705600 |
| 15.00% | 4019 | 4800 | 19291200 |
| 16-29% | 1384 | 29500 | 40828000 |
| 30-59% | 787 | 74000 | 58238000 |
| 60-74% | 781 | 173500 | 135503500 |
| 75.00% | 82 | 298100 | 24444200 |
| | ആകെ | | **450010500** |

**(നാല്പത്തി അഞ്ചു കോടി പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം)**

3. വിതരണത്തിനാവശ്യമായിവരുന്ന **45,0010,500/- രൂപ (നാല്പത്തി അഞ്ചു കോടി പതിനായിരത്തി അഞ്ഞൂറ്** രൂപ മാത്രം ) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
ജില്ല കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

T. [signature]

സെക്ഷൻ ഓഫീസർ.